II.ഇ.ബി. XIII-കേരള നിയമസഭ/I –3

**പതിമൂന്നാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**ചോദ്യോത്തരങ്ങൾ–സംഗ്രഹം**

**2011 ജൂൺ 29, ബുധൻ**

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

8 (*61) **വൻകിട ജലസേചന പദ്ധതികൾ**

ജലസേചനവും ജലവിതരണവും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ വൻകിട ജലസേചന പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച് വകുപ്പ് തലത്തിലും സംസ്ഥാനതല ത്തിലും അവലോകനം നടത്താറുണ്ടെന്നും ഇടമലയാർ, മൂവാറ്റുപുഴ എന്നീ വൻകിട ജലസേചന പദ്ധതികളുടെ നിർമ്മാണം പുരോഗമിച്ചുവരിക യാണെന്നും ശേഷിക്കുന്ന സ്ഥലമെടുപ്പ് നടപടികൾ പൂർത്തീകരിച്ച് പദ്ധതി നടത്തിപ്പ് ത്വരിതപ്പെടുത്തുന്നതാണെന്നും സഭയെ അറിയിച്ചു. മലമ്പുഴ, കുറ്റ്യാടി, ചിറ്റൂർ എന്നീ വൻകിട ജലസേചന പദ്ധതികൾ പൂർണ്ണമായും പഴശ്ശി ജലസേചന പദ്ധതി ഭാഗികമായും പൂർത്തീകരിച്ചിട്ടുണ്ട്. പഴശ്ശി പദ്ധതി യുടെ ഷട്ടറുകളെല്ലാം മാറ്റി പുതിയവ സ്ഥാപിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്. കുരിയാർകുറ്റി-കാരപ്പാറ ജലസേചന പദ്ധതി പുനരാരംഭിക്കുന്നതിനുള്ള പഠനം നടത്താനായി ഒരു കമ്മിറ്റി

രൂപീകരിച്ചിട്ടുണ്ട്. മന്ത്രിതലത്തിൽ ചർച്ചകൾ നടത്തി പറമ്പിക്കുളം-ആളിയാർ പദ്ധതിയുടെ കരാർ പുതുക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. കാവേരി ട്രിബ്യൂണലിൽ നിന്ന് 6 ടി.എം.സി വെള്ളം അനുവദിച്ചിട്ടുള്ളതിനാൽ അട്ടപ്പാടി ജലസേചന പദ്ധതി പുനരാരംഭിക്കുന്ന കാര്യം ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. മൂലത്തറ ഡാം പുതുക്കി പണിയുന്നതിനും കാരാപ്പുഴ പ്രോജക്ട് പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. മീനച്ചിൽ റിവർ വാലി പദ്ധതി നടപ്പിലാക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്. കരാറുകാർ പണി ഏറ്റെടുത്തിട്ട് പൂർത്തിയാക്കാതെ പോകുന്ന പ്രോജക്ടുകൾ പ്രത്യേകം പരിശോധിച്ച് സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മഴവെള്ള സംഭരണം വഴി കുടിവെള്ള സ്രോതസ്സുകൾ പുനരുജ്ജീവിപ്പിക്കാനുള്ള നടപടി സ്വീകരിക്കും. മുല്ലപ്പെരിയാറിൽ ഒരു പുതിയ ഡാം നിർമ്മിക്കണമെന്ന കാര്യത്തിൽ ഗവൺമെന്റിന് ഉറച്ച നിലപാടാണുള്ളത്. ഡാമുകളിൽ അടിഞ്ഞുകൂടുന്ന മണൽ നീക്കം ചെയ്ത് ഉപയോഗയോഗ്യമാക്കുന്നതിനും ഡാമുകൾ നികന്നുപോകുന്നത് തടയുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ജലലഭ്യതയുടെ അടിസ്ഥാനത്തിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ പുന:സ്ഥാപിക്കുന്നത് സംബന്ധിച്ച് ആലോചിക്കാമെന്നും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കനാലുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താനാവശ്യമായ നടപടികൾക്ക് മുൻഗണന നൽകുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

9 (*62) **സമകാലിക യുവത്വം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം**

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി.കെ. ജയലക്ഷ്മി) നൽകിയ മറുപടിയിൽ, സമകാലിക യുവത്വം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി യുവജനക്ഷേമ ബോർഡ് മുഖേന പല പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. തൊഴിലില്ലായ്മ, ഉന്നത വിദ്യാഭ്യാസത്തിനും സാങ്കേതിക വിദ്യാഭ്യാസത്തിനുമുള്ള അവസരങ്ങളുടെ കുറവ്, തൊഴിൽ സുരക്ഷിതത്വം ഇല്ലായ്മ, തൊഴിൽ മേഖലയിലുള്ള യുവതികൾക്ക് വേണ്ടുന്ന അത്യാവശ്യ സൗകര്യങ്ങളുടെ അഭാവം, മദ്യം, മയക്കുമരുന്ന്, തീവ്രവാദം, സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തുടങ്ങിയ സാമൂഹ്യ വിപത്തുകളിൽ അകപ്പെടൽ, വിവിധ മേഖലകളിലെ പ്രാതിനിധ്യക്കുറവ് തുടങ്ങിയ പ്രശ്നങ്ങൾ കേരളത്തിലെ യുവജന സമൂഹം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യുവജനങ്ങളുടെ ജീവിത സാഹചര്യങ്ങളുമായി ബന്ധപ്പെട്ട ചെലവ്, തൊഴിൽ, വരുമാനമൂല്യം, സാമൂഹ്യ പ്രതിബദ്ധത എന്നിവ അവലോകനം ചെയ്യുന്നതിനായി ഒരു സർവ്വേ നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. യുവജനങ്ങളുടെ ക്രിയാത്മകശേഷി സമൂഹത്തിന് ഉതകുന്ന രീതിയിൽ ഉപയോഗപ്പെടുത്തുന്നതിനായി സാഹസിക പ്രവർത്തനങ്ങൾ, യുവജനനേതൃത്വ ക്യാമ്പ്, ക്യാമ്പസ് ലീഡേഴ്സ് ക്യാമ്പ്, നാടൻകലാ പരിശീലനം, കേരളോത്സവം, യുവകർമ്മസേന തുടങ്ങിയവ ആവിഷ്ക്കരിച്ചിട്ടുണ്ട്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന്റെ ഭാഗമായി സ്വയം തൊഴിൽ പദ്ധതികൾ, തൊഴിൽ മേളകൾ, ബോട്ട് ക്രൂ പരിശീലനം, ജാലകം എന്ന തൊഴിലധിഷ്ഠിത വെബ്സൈറ്റ് രൂപീകരണം, വിദേശത്ത് ജോലി നേടാൻ ആഗ്രഹിക്കുന്ന യുവാക്കൾക്കായി പ്രീ ഡിപ്പാർച്ചർ

ഓറിയന്റേഷൻ പ്രോഗ്രാം എന്നിവയും മദ്യം, മയക്കുമരുന്ന്, തീവ്രവാദം എന്നിവയ്ക്കെതിരായി വിവിധ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ യുവജനങ്ങളുടെ ക്ഷേമത്തിനായി സർക്കാരിന്റെ 100 ദിവസത്തെ കർമ്മ പരിപാടികളിൽ ഉൾപ്പെടുത്തി വിവിധ മേഖലകളിൽ പ്രാഗത്ഭ്യം നേടിയ യുവതീയുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് വിവിധ മേഖലകളിലെ പൊതുമേഖല-സ്വകാര്യ കമ്പനികളുമായി ബന്ധപ്പെട്ട് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലായി മൂന്ന് ജോബ് ഫെസ്റ്റുകളും സാമൂഹ്യ പുരോഗതിയിൽ മാധ്യമങ്ങൾക്കുള്ള സ്വാധീനം, മാധ്യമ രംഗത്തെ ആധുനിക പ്രവണതകൾ എന്നിവ സംബന്ധിച്ച് യുവമാധ്യമ ക്യാമ്പും ദുരന്ത നിവാരണം, സന്നദ്ധ പ്രവർത്തനങ്ങൾ, റോഡ് സുരക്ഷ, പ്രാഥമികശുശ്രൂഷ തുടങ്ങിയ വിഷയങ്ങളിൽ പ്രായോഗിക പരിശീലനം നൽകുന്നതിന് രണ്ട് മേഖലാ ക്യാമ്പുകളും സംഘടിപ്പിക്കുന്നതിനും യുവാക്കളുടെ സേവന സന്നദ്ധത, ഊർജ്ജസ്വലത, കർമ്മശേഷി എന്നിവ പ്രയോജനപ്പെടുത്തുന്നതിന് യുവകർമ്മ സേനകൾ രൂപീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. വിദ്യാഭ്യാസപരവും തൊഴിൽപരവുമായ വിഷയങ്ങളിൽ യുവജനങ്ങൾക്ക് പരാതി നൽകുന്നതിനായി ഒരു യൂത്ത് കമ്മീഷൻ രൂപീകരിക്കുന്ന കാര്യം യുവജന സംഘടനകളുമായി ആലോചിച്ച് തീരുമാനിക്കുന്നതാണെന്നും മന്ത്രി അറിയിച്ചു. ട്രെയിനിൽ യാത്ര ചെയ്യുന്ന സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി റെയിൽവേ ഉദ്യോഗസ്ഥരുമായും പോലീസ് ഡിപ്പാർട്ടുമെന്റുമായും ചർച്ച ചെയ്ത് വേണ്ട നടപടികൾ സ്വീകരിച്ചുവരികയാണെന്നും ജനാധിപത്യ ശൈലിയിൽ എല്ലാവരുടെയും അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള ഒരു പ്രവർത്തനമാണ് ഗവൺമെന്റ്

ആഗ്രഹിക്കുന്നതെന്നും ഒരു ഉപചോദ്യത്തിന് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

10(*63) <u>സാംക്രമിക രോഗങ്ങൾ നിയന്ത്രിക്കാൻ നടപടി</u>

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) നൽകിയ മറുപടിയിൽ, സാംക്രമിക രോഗങ്ങൾ പടരാതിരിക്കാനും ഫലപ്രദമായി നിയന്ത്രിക്കുവാനും ആവശ്യമായ എല്ലാ നടപടികളും സംസ്ഥാന ആരോഗ്യവകുപ്പ് സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി സംസ്ഥാന/ജില്ലാ/പഞ്ചായത്ത് തലങ്ങളിൽ വിവിധ വകുപ്പുകളുടെയും ആരോഗ്യ പ്രവർത്തകരുടെയും ജനനേതാക്കളുടെയും സംയുക്ത യോഗം കൂടി ശുചീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ മാലിന്യ നിർമ്മാർജ്ജനം, കൊതുക്-കൂത്താടി ഉറവിട നശീകരണം, ഓട വൃത്തിയാക്കൽ, ആരോഗ്യ ബോധവൽക്കരണം എന്നിവ നടന്നുവരുന്നു. പരിസര ശുചീകരണം ഫലപ്രദമായി നടത്തുന്നതിന് തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രാദേശിക പ്രതിനിധി ചെയർപേഴ്സണായ വാർഡ് ഹെൽത്ത്&സാനിറ്റേഷൻ കമ്മിറ്റികൾക്ക് എൻ.ആർ.എച്ച്.എം-ൽ നിന്ന് 10,000/- രൂപ വീതം നൽകിയിട്ടുണ്ട്. രോഗമുള്ളവരെ തുടക്കത്തിലേ കണ്ടുപിടിക്കുന്നതിനും ആവശ്യമായ ചികിത്സ നൽകുന്നതിനും വേണ്ട സംവിധാനങ്ങൾ എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ഏർപ്പെടുത്തിയിട്ടുണ്ട്. സാംക്രമിക രോഗലക്ഷണമുള്ള ആളുകളുടെ രക്ത സാമ്പിളുകൾ പരിശോധിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ, മെഡിക്കൽ കോളേജ് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, ചില താലൂക്ക് ആശുപത്രികൾ

എന്നിവിടങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ളതോടൊപ്പം രോഗ നിർണ്ണയം വേഗം നടത്തുന്നതിന് ഉപകരിക്കുന്ന റാപ്പിഡ് ഡയഗ്നോസ്റ്റിക് ടെസ്റ്റ് കിറ്റുകൾ ചില ആരോഗ്യ കേന്ദ്രങ്ങളോടനുബന്ധിച്ചുള്ള ലാബുകളിൽ നൽകിയിട്ടുമുണ്ട്. ഡെങ്കിപ്പനി രക്തസ്രാവത്തോടുകൂടിയ രീതിയിൽ ഉണ്ടാകാനുള്ള സാദ്ധ്യതയുള്ളതിനാൽ ഇത് നേരത്തെ അറിയുന്നതിനായി ആവശ്യമായ രക്തപരിശോധന നടത്തുന്നതിനും ചികിത്സ നൽകുന്നതിനുമുള്ള നിർദ്ദേശങ്ങൾ ആരോഗ്യപ്രവർത്തകർക്ക് നൽകിയിട്ടുണ്ട്. കോട്ടയത്ത് അസ്വാഭാവികമായ ഒരു മരണം നടന്നതായി ശ്രദ്ധയിൽപ്പെട്ടെങ്കിലും വൈറൽമെനിഞ്ചോ എൻസെഫലൈറ്റിസ് മൂലമാണ് മരണം സംഭവിച്ചതെന്ന് കണ്ടെത്തിയിട്ടുണ്ട്; ഈ രോഗം ബാധിച്ച മറ്റൊരാൾ വിദഗ്ദ്ധ ചികിത്സയിലൂടെ സുഖം പ്രാപിച്ചുവരുന്നു. എരുമേലിയിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഉണ്ടാക്കുന്നതാണെന്നും പ്രൈമറി ഹെൽത്ത് സെന്ററുകളിലും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ജില്ലാ ആശുപത്രികളിലുമുൾപ്പെടെയുള്ള ഡോക്ടർമാരുടെ അഭാവം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 472 മുതൽ 706 വരെയുള്ള ചോദ്യങ്ങളിൽ 146 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)